**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6745** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കൂളുകളിലും ഓഫീസുകളിലും ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ) | സ.ഉ(സാധാ) 818/2023/GEDN dated 30.01.2023 പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് പുതുതായി വരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | നിലവിലെ ഉത്തരവിലെ 15 വ്യവസ്ഥകളും അതേപടി നിലനിർത്തിയും അനുബന്ധത്തിൽ നൽകിയ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, പരമാവധി ഈടാക്കാവുന്ന വില എന്നിവയിൽ വ്യത്യാസം വരുത്തിയുമാണ് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ഐ.ടി. ഉപകരണങ്ങൾ GeM പോർട്ടലിൽ ലഭ്യമാണോ; മറ്റേതെല്ലാം അംഗീകൃത ഏജൻസികളാണ് പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ഐ.ടി. ഉപകരണങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ; | (സി) | അഞ്ചു വർഷ വാറണ്ടി GeM പോർട്ടലിൽ നിലവിൽ ലഭ്യമല്ല. മാർഗനിർദേശങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്റ്റ് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോൺ വഴി വാങ്ങാവുന്നതാണ് എന്ന് ഉത്തരവിൽ 9-ാം വ്യവസ്ഥയായുണ്ട്. |
| (ഡി) | എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി മുഖേന ഇതിനോടകം സപ്ലൈ ചെയ്ത ഉല്പന്നങ്ങൾക്കുള്ള പണം ലഭിക്കാത്തതിനാൽ മുൻകൂർ പണം നൽകാതെ സ്കൂളുകൾക്ക് പുതുതായി ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അംഗീകൃത ഏജൻസിയായ കെൽട്രോൺ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കെൽട്രോണിന്റെ ഈ നടപടി മൂലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകാനും ഇതിനോടകം ഇതിലേക്കായി നീക്കിവെച്ച ഫണ്ട് | (ഇ) | ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഉപയോഗിക്കാനും കഴിയാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ; | | |
| (എഫ്) | എങ്കിൽ സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി മുൻ വർഷങ്ങളിൽ ഫണ്ട് നീക്കിവെച്ച പ്രവൃത്തികൾക്ക് പുതിയ മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ